ഗർഭിണികളായ ഉദ്യോഗാർത്ഥികൾക്ക് പരീക്ഷാ സെന്ററുകൾ അനുവദിക്കൽ

28 (3531) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി പരീക്ഷകളിൽ ഗർഭിണികളായ ഉദ്യോഗാർത്ഥികൾക്ക് സ്വന്തം ജില്ലകളിൽ പരീക്ഷാ സെന്ററുകൾ അനുവദിക്കാത്തതുമൂലം പരീക്ഷകൾ എഴുതുവാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഗർഭിണികളായ ഉദ്യോഗാർത്ഥികൾ കേരളത്തിലെ ഏത് ജില്ലയിലെ ഏത് തസ്തികയ്ക്ക് വേണ്ടി അപേക്ഷിച്ചാലും പരീക്ഷാ സെന്ററുകൾ സ്വന്തം ജില്ലയ്ക്ക് പുറത്താണ് ലഭിക്കുന്നതെങ്കിൽ അവരുടെ അപേക്ഷ സ്വീകരിച്ച് സ്വന്തം ജില്ലയിൽ പരീക്ഷാ സെന്റർ അനുവദിച്ചിരുന്ന നടപടി 2015 മെയ് മാസത്തിനുശേഷം അവസാനിപ്പിച്ചതിന് കാരണം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ഉദ്യോഗാർത്ഥികൾക്ക് സ്വന്തം ജില്ലയിൽ പരീക്ഷാ സെന്റർ അനുവദിക്കുന്നതിന് പി.എസ്.സി.-യ്ക്ക് നിർദ്ദേശം നൽകുകയും ആയതിനുള്ള മറ്റ് നടപടികൾ കൈക്കൊള്ളുമോയെന്നും വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) പരീക്ഷാ നടപടിക്രമങ്ങളുടെ ഭാഗമായി ഒരു നിശ്ചിത പരീക്ഷയ്ക്ക് ജില്ലാതലത്തിലോ സംസ്ഥാന തലത്തിലോ സെന്ററുകൾ അനുവദിക്കുമ്പോൾ, ഗർഭിണികളായ ഉദ്യോഗാർത്ഥികൾക്ക് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അവരവരുടെ ജില്ലകളിൽ തന്നെ (ടി ജില്ലയിൽ പരീക്ഷ നടക്കുന്നുവെങ്കിൽ മാത്രം) സൗകര്യപ്രദമായ പരീക്ഷാ സെന്ററുകൾ നൽകുന്ന രീതി നിലവിൽ തുടർന്ന് വരുന്നുണ്ട്.

ജനസമ്പർക്ക പരിപാടി

29 (3532) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനസമ്പർക്ക പരിപാടികളോടനുബന്ധിച്ച് ബഹു. മുഖ്യമന്ത്രി ഓരോ ജില്ലയിലും പ്രാവർത്തികമാക്കുമെന്ന് പ്രഖ്യാപിച്ച പദ്ധതികളിൽ ഏതെല്ലാം പദ്ധതികൾ ഇനിയും പൂർണ്ണമായും നടപ്പിലാക്കാൻ ബാക്കിയുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഓരോ പദ്ധതിയും എന്ന് പൂർത്തിയാക്കുമെന്നാണ് പ്രഖ്യാപിച്ചിരുന്നത്, വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly